**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (PUBLIC WORKS, TRANSPORT AND COMMUNICATIONS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## രണ്ടാമത് റിപ്പോർട്ട്
## (2012-2013)

**(SECOND REPORT**
**ON THE SCRUTINY OF DEMANDS FOR GRANTS 2012-13)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V

**(SUBJECT COMMITTEE V)**

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

**(PUBLIC WORKS, TRANSPORT AND COMMUNICATIONS)**

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

# രണ്ടാമത് റിപ്പോർട്ട്

# (2012-2013)

**(SECOND REPORT**

**ON THE SCRUTINY OF DEMANDS FOR GRANTS 2012-13)**

472/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി V

(പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും)

(2012-2013)

### ഘടന

ചെയർമാൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
മരാമത്ത് വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

*ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. രാജു

ശ്രീ. സി. എഫ്. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

---

* 26-4-2012-ലെ 182-ാം നമ്പർ ബുള്ളറ്റിൻപ്രകാരം ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയെ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ എക്സ്-ഒഫിഷ്യോ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

## അവതാരിക

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ പരിധിയിൽവരുന്ന, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ മാസം 18, 24, മേയ് മാസം 8 എന്നീ തീയതികളിൽ സമിതി യോഗം ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖ കളിലും വ്യവസ്ഥ ചെയ്തിട്ടുളളവിധം, താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊളളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ IX — വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XV — പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL — തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI — ഗതാഗതം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാ വേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2012 മേയ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

തിരുവനന്തപുരം,
8-5-2012.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

വോട്ടു ചെയ്തത് : 57,43,18,000 രൂപ

ചാർജ് ചെയ്തത് : 1,000 രൂപ

2041-00-001-99-(04)—വാഹന നികുതികൾ—ഭരണ ചെലവുകൾ—യാത്രാചെലവുകൾ

1. മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ യാത്രാചെലവുകൾക്കായി 9.78 ലക്ഷം രൂപയാണ് 2012-13 വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ഉദ്യോഗസ്ഥർക്ക് അന്യസംസ്ഥാനങ്ങളിൽ പരിശീലനം ലഭ്യമാക്കുന്നതിനും മേഖലാ ഓഫീസുകളിലേയും ആസ്ഥാന ഓഫീസിലേയും പരിശോധനാ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനും വകുപ്പിലെ യാത്രാചെലവുകൾക്കും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് മൊത്തം 11 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-001-99-(05)—ഓഫീസ് ചെലവുകൾ—(4) മറ്റിനങ്ങൾ

2. മോട്ടോർ വാഹന വകുപ്പിലെ ഓഫീസ് ചെലവുകൾക്കായി നടപ്പുവർഷം 1.4020 കോടി രൂപ പ്ലാൻ ഇനത്തിലും 1,000 രൂപ നോൺ പ്ലാൻ ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. ഇതിൽ മറ്റിനങ്ങൾ എന്ന ഇനത്തിൽ 89.70 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ടാക്സ് ടോക്കൺ, സുരക്ഷാ കോഡുകൾ എന്നിവ ഉൾപ്പെടുത്തി പ്രത്യേകമായി അച്ചടിക്കുന്ന രസീതുകൾക്ക് വേണ്ടിവരുന്ന പ്രിന്റിംഗ് ചാർജ്, ഫർണിച്ചറുകൾ, സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് എന്നിവ വാങ്ങുന്നതിനുള്ള തുക, കമ്പ്യൂട്ടർ സ്റ്റേഷനറികൾക്ക് വേണ്ടിവരുന്ന തുക എന്നിവ ഉൾപ്പെടുന്ന ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇത് ഒരു കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-001-99-06—ചെറുകിട മരാമത്ത് പണികൾ (17)

3. സർക്കാരിന്റെ പ്രത്യേക അനുമതിയുള്ള ചെറുകിട മരാമത്ത് പണികൾക്കും ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിനുമുള്ള ചെലവുകൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം 50,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക്, ചെക്ക് പോസ്റ്റുകളുടെ നവീകരണം നിലവിലുള്ള ഉപകരണങ്ങളുടെ റിപ്പയറുകൾ എന്നിവയ്ക്കും പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-102-99-06 —മോട്ടോർ വാഹനങ്ങളുടെ പരിശോധന—വാടക, കരം, നികുതി

4. സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടേയും ചെക്ക് പോസ്റ്റുകളുടേയും വാടകയിനത്തിൽ വേണ്ടിവരുന്ന തുക യാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വകുപ്പിലെ 38 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 13 മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളും വാടക കെട്ടിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ഇനത്തിൽ 2012-13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 32 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ടി തുക 35 ലക്ഷമായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-102-99-06 (18)—സംരക്ഷണം

5. അമരവിള, ആര്യങ്കാവ്, വാളയാർ എന്നീ മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റു കളിൽ സ്ഥാപിച്ചിട്ടുള്ള വെയ് ബ്രിഡ്ജുകളുടെ സംരക്ഷണ ചുമതലയ്ക്കായി നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 25,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ, ഫോട്ടോ കോപ്പിയറുകൾ, ഫ്രാങ്കിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് ആവശ്യ മായതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരു ത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ മൊത്തം 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2041-00-102-99-21—മോട്ടോർ വാഹനങ്ങൾ—2 സംരക്ഷണവും അറ്റകുറ്റപ്പണികളും

6. ഹെഡ് ക്വാർട്ടേഴ്സിലെ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടേയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. വകുപ്പിലെ 135 നാലുചക്ര വാഹനങ്ങളുടേയും 23 ഇരുചക്ര വാഹനങ്ങളുടേയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് അനുവദിച്ച തുക 15 ലക്ഷമായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

| | | |
|---|---|---|
| വോട്ടു ചെയ്തത് | : | 44,59,22,44,000 രൂപ |
| ചാർജ് ചെയ്തത് | : | 75,69,00,000 രൂപ |

2059-01-051—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം

7. നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 352 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 187.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 164.50 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

2059-01-053—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

8. വിവിധ വകുപ്പുകളുടെകീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 3514 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2536 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-60-051—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം

9. നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി എന്നീ വകുപ്പുകളുടെ മറ്റു കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കുള്ള തുകയും കേരള ഹൗസ്, ന്യൂഡൽഹിയുടെ പണികൾക്കുള്ള തുകയും വി.ഐ.പി. വിസിറ്റിന് ആവശ്യംവരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 1140.00 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 505.00 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 636 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-60-053—മറ്റ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

10. നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുംവേണ്ടി അനുവദിച്ചിട്ടുള്ള 5297 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2702.80 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-80-001-99—ഭരണവും നടത്തിപ്പും

11. പ്രസ്തുത ശീർഷകത്തിൽ വാഹനങ്ങൾ വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ 30 വർഷത്തിലേറെ പഴക്കമുള്ള 14 വാഹനങ്ങൾക്കുവേണ്ടി 85 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-80-001-98—മേൽനോട്ടം

12. പ്രസ്തുത ശീർഷകത്തിൽ 15 വർഷം പഴക്കമുള്ള വാഹനങ്ങൾക്കു പകരം പുതിയവ വാങ്ങുന്നതിന് 8 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-80-001-97—നിർവ്വഹണം

13. പ്രസ്തുത ശീർഷകത്തിൽ 134.2169 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 115.3985 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സൈറ്റ് ഇൻസ്പെക്ഷൻ വർക്ക് സൂപ്പർവിഷൻ എന്നിവ ഫലപ്രദമാക്കുന്നതിന് 26 സബ് ഡിവിഷനുകൾക്ക് വാഹനം അനുവദിക്കുന്നതിനുവേണ്ട തുകയായ 1.30 കോടി രൂപ ഉൾപ്പെടെ 18.18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-80-052—യന്ത്രോപകരണങ്ങൾ

14. പുതിയ സപ്ലൈകൾ, വാഹനങ്ങളും അറ്റകുറ്റപ്പണികളും മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 15.03 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപകൂടി അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-80-053—സംരക്ഷണവും അറ്റകുറ്റപ്പണികളും

15. കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കലും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണവും സെക്രട്ടേറിയറ്റിന്റെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരള ഹൗസിന്റെ പണികൾ എന്നിവയ്ക്കുവേണ്ടിയുള്ള പ്രസ്തുത ശീർഷകത്തിൽ 31.25 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഈയിനത്തിൽ അനുവദിച്ചിട്ടുള്ള 20.37 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10.88 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2059-80-800—മറ്റ് ചെലവുകൾ

16. വസ്തുക്കൾ സബ്സിഡി ഇനത്തിലോ സൗജന്യ നിരക്കിലോ പാട്ടത്തിനു കൊടുക്കാൻവേണ്ട സഹായധനം, സ്റ്റോക്കിലുള്ള നഷ്ടം, യന്ത്രോപകരണങ്ങൾ സൗജന്യ നിരക്കിൽ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള സഹായധനം എന്നിവ ഉൾപ്പെടുന്ന മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 10.02 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ അനുവദിച്ചിട്ടുള്ള 1.02 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-01-001-99—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽഹൈവേ

17. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ ശമ്പളം, അലവൻസുകൾ, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഇതിൽ പി.ഒ.എൽ. എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള 1,23,000 രൂപ 1,50,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-01-001-98—മേൽനോട്ടവും നിർവ്വഹണവും

18. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെകീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ അനുവദിച്ച 40.0088 കോടി രൂപയ്ക്കുപുറമേ വാടക, കരം, നികുതി ഇനത്തിൽ 4 ലക്ഷം രൂപയും സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഇനത്തിൽ 2 ലക്ഷം രൂപയും മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-01-337-99—സംസ്ഥാനത്തിന് അകത്തുള്ള ദേശീയ പാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ

19. പ്രസ്തുത ശീർഷകത്തിൽ 2012-13 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-01-800-99—മുനിസിപ്പൽ അതിർത്തിക്കുള്ളിൽവരുന്ന നാഷണൽഹൈവേയുടെ സംരക്ഷണം

20. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ടി തുക 1 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-99—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—സാധാരണ അറ്റകുറ്റപ്പണികൾ

21. പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക (വോട്ട് ചെയ്തത്) തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 250 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

22. പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 108 കോടി രൂപ (വോട്ട് ചെയ്തത്) അപര്യാപ്തമായതിനാൽ ടി തുക 550 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-97—ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

23. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50.40 കോടി രൂപ (വോട്ട് ചെയ്തത്) അപര്യാപ്തമായതിനാൽ ടി തുക 100 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-96—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

24. പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളിൽ വെള്ളപ്പൊക്ക കെടുതിയുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 17 കോടി രൂപ അപര്യാപ്തമായതിനാൽ ടി തുക 100 കോടി രൂപയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-95—വിശിഷ്ടാതിഥികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട പണികൾ

25. വിശിഷ്ടാതിഥികളുടെ സന്ദർശനം റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ച പണികൾക്കുള്ള തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-94—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

26. തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 3.6 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-03-337-93—ശബരിമല വർക്കുകൾ

27. ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടിയുള്ള ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 7.20 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-04-105-97—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഏറ്റെടുത്ത റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

28. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഏറ്റെടുത്ത 8575 കി.മീ. റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും നടത്തുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ പുതുതായി ആരംഭിച്ചതാണ് ഈ ശീർഷകമെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച 1,000 രൂപയ്ക്കു പുറമേ 645 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-05-337-99—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

29. സി.ആർ.എഫ്. റോഡുകളുടെ പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-001-99—റോഡുകളും പാലങ്ങളും—ഭരണവും നടത്തിപ്പും

30. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും കൂടാതെ ചീഫ് എഞ്ചിനീയറുടെകീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിനുവേണ്ടിയുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 7.1521 കോടി രൂപയ്ക്കുപുറമേ യാത്രാചെലവ്, ഓഫീസ് ചെലവ്, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, വാഹന മെയിന്റനൻസ്, പി.ഒ.എൽ. എന്നീ ഇനങ്ങളിൽ യഥാക്രമം 10 ലക്ഷം, 25 ലക്ഷം, 10 ലക്ഷം, 3 ലക്ഷം, 2 ലക്ഷം എന്നീ തുകകൾ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-001-98—മേൽനോട്ടം

31. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെകീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5.858 കോടി രൂപയ്ക്കുപുറമേ യാത്രാചെലവ്, ഓഫീസ് ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും പി.ഒ.എൽ. എന്നീ ഇനങ്ങളിലായി ആകെ 24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-001-97—നിർവ്വഹണം

32. റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടേയുംകീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരുടേയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും ഓഫീസു കളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 111.7753 കോടി രൂപയ്ക്കുപുറമേ ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങൾ, മറ്റു ചെലവുകൾ, പി.ഒ.എൽ., മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി മൊത്തം 1.9 കോടി രൂപയും പുതിയ കാറുകൾ വാങ്ങുന്നതിനായി 3 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-004-99—ഗവേഷണവും പരിഷ്ക്കരണവും—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

33. ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെകീഴിൽ ഹൈവേകളുടെ ഗവേഷണ ത്തിനും പരിഷ്ക്കരണത്തിനുംവേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കുവേണ്ടിയുള്ള ഈ ശീർഷ കത്തിൽ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സി ലാക്കുന്നു. ആയതിനാൽ കറന്റ് ചാർജിന് 1 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾക്ക് 1.5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്ക് 3 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-004-98—പബ്ലിക് വർക്സ്—ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

34. ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ എന്നിവയ്ക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷക ത്തിൽ അനുവദിച്ചിട്ടുള്ള 2.9812 കോടി രൂപ അപര്യാപ്തമാണ്. മോട്ടോർ വാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക 14,000 രൂപയിൽനിന്ന് 75,000 രൂപയായി ഉയർത്തണമെന്നും പി.ഒ.എൽ.ന് 50,000 രൂപയും ഓഫീസ് ചെലവിന് 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

3054-80-004-96—പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം

35. പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെ കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-052-98—വാഹനങ്ങളും അറ്റകുറ്റപ്പണികളും

36. റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ചിട്ടുള്ള 25 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞവർഷത്തെ പേയ്മെന്റ് നൽകുന്നതിന് 10 ലക്ഷം രൂപയും വിവിധ വർക്ക് ഷോപ്പുകളിൽ പണി ചെയ്യാൻ കാത്തുകിടക്കുന്ന റോളറുകൾക്ക് 50 ലക്ഷം രൂപയും ഉൾപ്പെടെ 60 ലക്ഷം രൂപ നടപ്പു സാമ്പത്തികവർഷം അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-107-97—കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

37. പ്രസ്തുത ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ഓരോ വർഷവും റയിൽവേയ്ക്ക് നൽകേണ്ട തുക ഏകദേശം 4 കോടി രൂപയാണെന്നതിനാൽ ഈ ഇനത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-800-95—റോഡ് സുരക്ഷിതത്വ പണികൾ

38. റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വചാലുകൾ മുതലായവ നിർമ്മിക്കുന്നതിന് ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-800-94-03—ട്രാഫിക് സൈൻ ബോർഡുകൾ

39. വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.6 കോടി രൂപ അപര്യാപ്തമാണ്. ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3054-80-800-92—കേരള റോഡ് ഫണ്ട് ബോർഡ്

40. മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ട് ബോർഡിൽ നിക്ഷേപിക്കേണ്ടതാണ്. കോഴിക്കോട്, കൊച്ചി നഗര വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിന് കൂടുതൽ ധനസഹായം ആവശ്യമായതിനാൽ ബോർഡിന്

നിലവിൽ നൽകിവരുന്ന വാഹന നികുതിയുടെ 10% തുക 25 ശതമാനമായി വർദ്ധിപ്പിച്ച് നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-99—പൊതുമരാമത്ത് മൂലധന ചെലവ്, സംസ്ഥാന നിയമസഭ

41. സംസ്ഥാന നിയമസഭയുടെ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പരിഷ്ക്കരണ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 18 ലക്ഷം രൂപയ്ക്ക് പുറമേ 50 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-98—പൊതുമരാമത്ത് മൂലധന ചെലവ്-നീതിന്യായ നിർവ്വഹണം

42. കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി തുടങ്ങിയ ശീർഷകമാണിത്. ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവ നിലവിലുള്ള 50% CSS-ൽ ഉൾപ്പെടുന്നില്ല. 13 കോടതി സമുച്ചയങ്ങളുടെ നിർമ്മാണത്തിന് പ്രത്യേക കേന്ദ്ര സഹായത്തിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് അനുവദിക്കുന്നതുവരെ സംസ്ഥാന പദ്ധതിപ്രകാരം ബഡ്ജറ്റ് തുക ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. പൂർത്തിയാക്കിയ കൊട്ടാരക്കര, ശാസ്താംകോട്ട കോംപ്ലക്സുകളുടെ പേയ്മെന്റ് കൊടുത്തുതീർക്കാനുണ്ട്. കൂടാതെ എറണാകുളം കോർട്ട് കോംപ്ലക്സ്, ആലപ്പുഴ കോടതിയുടെ എ ബ്ലോക്ക് എന്നിവയുടെ പണി പുരോഗമിക്കുന്നു. വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കണം. കേന്ദ്രസഹായമായി ഒരു നിശ്ചിത തുക മാത്രമാണ് ലഭിക്കുന്നത് എന്നതിനാൽ 2 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-97—ഇലക്ഷൻ

43. ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിരനിർമ്മാണത്തിനായി ആരംഭിച്ച ഈ ശീർഷകത്തിൽ 2 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്ഥലം അലോട്ട് ചെയ്ത് നിർദ്ദിഷ്ട ജോലിക്ക് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് അധികം തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-96—പൊതുമരാമത്ത് മൂലധന ചെലവ്—ഭൂനികുതി

44. ഭൂനികുതി വകുപ്പിലെ പണികൾക്കായി നടപ്പു സാമ്പത്തിക വർഷം 95 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പുവർഷം 25 വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ആകെ 1.95 കോടി രൂപ മതിപ്പ് ചെലവുവരുന്ന പണികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പല ഓഫീസുകളുടേയും പണികൾ നടത്താനുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 1.55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-95—പൊതുമരാമത്ത് മൂലധന ചെലവ്—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

45. രജിസ്ട്രേഷൻ വകുപ്പിലെ പണികൾക്കായി നടപ്പുസാമ്പത്തികവർഷം 2.5 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 1.80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടങ്ങൾക്ക് ആകെ 9.0969 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പല പണികളും പുരോഗതിയിലുമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-94—പൊതുമരാമത്ത് മൂലധന ചെലവ്—സ്റ്റേറ്റ് എക്സൈസ്

46. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പണികൾക്കായി 2012-13 വർഷത്തേക്ക് 3.5 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1.3 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ എന്നിവയുടെയും തൃശൂർ അക്കാഡമിയുടെയും പണികൾ പുരോഗതിയിലാണ്. പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-93—പൊതുമരാമത്ത് മൂലധന ചെലവ്—വിൽപ്പന നികുതി

47. വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി 2012-13 വർഷത്തേക്ക് 3.5 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 98.80 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിള്ളിപ്പാലം സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ പണി പൂർത്തിയായികൊണ്ടിരിക്കുന്നു. പല പണികളും വളരെ വേഗതയിലാണ് നടക്കുന്നത്. കൂടാതെ പുതിയ പല ജോലികളും ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-92—പൊതുമരാമത്ത് മൂലധന ചെലവ്—പബ്ലിക് സർവ്വീസ് കമ്മീഷൻ

48. പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി 2012-13 വർഷത്തേക്ക് 1 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 38 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗതിയിലാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-91—പൊതുമരാമത്ത് മൂലധന ചെലവ്—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്

49. നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10 കോടി രൂപയാണ് ബജറ്റ് വിഹിതമായി ലഭിച്ചത്. പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ വളരെ പുരോഗതിയിൽ നടക്കുകയാണ്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-90—പൊതുമരാമത്ത് മൂലധന ചെലവ്–ട്രഷറിയും അക്കൗണ്ട് ഭരണവും

50. പ്രസ്തുത ശീർഷകത്തിലേക്ക് പ്ലാൻ ഇനത്തിൽ 2.5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പുവർഷം 35 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-89—പൊതുമരാമത്ത് മൂലധനചെലവ്–പോലീസ്

51. ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണി ഈ കണക്കിനത്തിൽ പെടുന്നു. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷൻ എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പല ഓഫീസുകളുടെയും പണികൾ ചെയ്യാനുള്ളതിനാൽ 2 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-88—പൊതുമരാമത്ത് മൂലധനചെലവ്-ജയിലുകൾ

52. ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ച 10 ലക്ഷം രൂപയ്ക്കുപുറമേ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-87—പൊതുമരാമത്ത് വകുപ്പ്–പ്രിന്റിംഗ്

53. സ്റ്റേഷനറി, അച്ചടി വകുപ്പിന്റെ പണികൾക്ക് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ 3.50 ലക്ഷം രൂപയ്ക്കു പുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-86—പൊതുമരാമത്ത് മൂലധനചെലവ്–പൊതുമരാമത്ത് സിവിൽ പണികൾ

54. സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പല പണികളും പുരോഗതിയിലാണ്. പ്രസ്തുത ശീർഷകത്തിൽ 40 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10.7105 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-85—പൊതുമരാമത്ത് മൂലധനചെലവ്–അഗ്നിപ്രതിരോധവും നിയന്ത്രണവും

55. വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിനായി നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തു നടത്തുവാനുണ്ട്. ആയതിനാൽ, നടപ്പു പണികൾക്കും പുതിയ ജോലികൾക്കുമായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-84—പൊതുമരാമത്ത് മൂലധനചെലവ്–പൊതുജനാരോഗ്യം

56. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിർമ്മാണത്തിനുവേണ്ടി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 30 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ഡയറക്ടറേറ്റ്, വയനാട് ജില്ലാ മെഡിക്കൽ ഓഫീസുകളുടേയും പണികൾക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-82—പൊതുമരാമത്ത് മൂലധനചെലവ്–സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

57. പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷത്തേക്ക് 2.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്ലാനിംഗ് ബോർഡിൽ പുതിയ ലിഫ്റ്റ് സ്ഥാപിക്കൽ ജോലിയും ബോർഡിലെ ഇലക്ട്രിക്കൽ ജോലികളും വളരെ പുരോഗതിയിലാണ് നടക്കുന്നത്. വൈസ് ചെയർമാനുള്ള വസതിയുടെ പണി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.45 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-75—പൊതുമരാമത്ത്–വാണിജ്യ നികുതി

58. വാണിജ്യനികുതി വകുപ്പിന്റെ പണികൾക്കായി നോൺ പ്ലാൻ ഇനത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നോൺപ്ലാനിൽ തുക പര്യാപ്തമാണ്. എന്നാൽ പ്ലാൻ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-72—പൊതുമരാമത്ത് മൂലധനചെലവ്–വില്ലേജാഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

59. വില്ലേജാഫീസുകൾക്കുവേണ്ടി ആരംഭിച്ച പുതിയ ശീർഷകത്തിലേക്ക് 5 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-71—പൊതുമരാമത്ത് മൂലധനചെലവ്--മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ–മരാമത്ത് പണികൾ

60. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട കെട്ടിടവിഭാഗം പ്രവൃത്തികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത് 1,000 രൂപയാണ്. നോൺപ്ലാൻ വിഹിതമായി 200 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണ്. ഇതിൽ എല്ലാ വകുപ്പുകളുടേയും കെട്ടിടംപണി ഉൾപ്പെടുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 125 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-01-051-69—പൊതുമരാമത്ത് മൂലധനചെലവ്—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ അധികനില നിർമ്മാണം

61. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ പഴയ കെട്ടിടത്തിന്റെ അധികനില നിർമ്മാണത്തിനുവേണ്ടി നടപ്പുസാമ്പത്തികവർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-99—പൊതുമരാമത്ത് മൂലധനചെലവ്—സംസ്ഥാന നിയമസഭ

62. സംസ്ഥാന നിയമസഭയിലെ പണികൾക്കായി പുതുതായി അനുവദിച്ച ശീർഷകമാണിത്. നിയമസഭാ സമുച്ചയത്തിലെ ചില്ലിംഗ് പ്ലാന്റ് 3.25 കോടി രൂപ ചെലവിൽ മാറ്റിസ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിയമസഭാ ഹാളിനകത്തെ ഇലക്ട്രോണിക് സിസ്റ്റം മാറ്റിസ്ഥാപിക്കുന്നതിനായി 6 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-98—പൊതുമരാമത്ത് മൂലധനചെലവ്—നീതിന്യായം (വോട്ട് ചെയ്തത്)

63. കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം 12.3558 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 50% കേന്ദ്രസഹായമുള്ള ശീർഷകമാണിത്. 13 കോടതി സമുച്ചയങ്ങളുടെ നിർമ്മാണത്തിന് 75 കോടി രൂപ കേന്ദ്ര സഹായത്തിന് അപേക്ഷിച്ചിട്ടുണ്ട്. 18 കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 74.99 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിവിധ കോടതികെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. കേന്ദ്ര സഹായം ലഭിക്കുന്നതുവരെ സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. പ്രസ്തുത ശീർഷകത്തിലേക്ക് 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-88—പൊതുമരാമത്ത് മൂലധനചെലവ്—ജയിൽ

64. ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണം ഉൾപ്പെടുന്നതാണ് ഈ ശീർഷകം. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-86—പൊതുമരാമത്ത് മൂലധനചെലവ്—പൊതുമരാമത്ത് (സിവിൽ) പണികൾ

65. സംസ്ഥാനത്ത് വിവിധ റസ്റ്റ്ഹൗസുകളുടെയും മറ്റു കെട്ടിടങ്ങളുടെയും പണികൾക്ക് നടപ്പു സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ല. നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുന്നതിനും കുടിശ്ശിക ബില്ലുകൾ നൽകുന്നതിനുമായി 6 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-85—പൊതുമരാമത്ത് മൂലധനചെലവ്—അഗ്നിപ്രതിരോധവും നിയന്ത്രണവും

66. വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 2012-13 വർഷത്തേക്ക് 3.63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുപണികൾക്കും പുതിയതായി വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്തു നടത്തുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-84—പൊതുമരാമത്ത് മൂലധനചെലവ്—പൊതുജനാരോഗ്യം

67. പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആരോഗ്യ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-60-051-77—പൊതുമരാമത്ത് മൂലധനചെലവ്—നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം

68. പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷത്തിൽ 70.02 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമാണ്. പുതിയ പണികൾക്കും നിലവിലെ പണികളുടെ പൂർത്തീകരണത്തിനുമായി 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-051-79—പൊതുമരാമത്ത് മൂലധനചെലവ്—ജെന്റർ ബഡ്ജറ്റിംഗിന് തുടക്കം

69. പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷം 2.4712 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 2 കോടി രൂപയുടെയും 1.80 കോടി രൂപയുടെയും ഭരണാനുമതി നൽകിയ പണികൾ ചെയ്തുതീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-051-78—പൊതുമരാമത്ത് മൂലധനച്ചെലവ്—സൈനികസ്കൂൾ

70. സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4059-80-051-77—പൊതുമരാമത്ത് മൂലധനചെലവ്—മുൻഗണനാ പ്രവൃത്തികൾ

71. പുതുക്കിയ ബഡ്ജറ്റിൽ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങുന്നതിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കേണ്ടതിനാൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-01-052—റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ

72. റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ വാങ്ങിക്കുന്നതിന് നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-01-337-98—ദേശീയപാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഭാഗത്തിന്റെ വികസനം

73. നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്ക്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 4.1186 കോടി രൂപ അപര്യാപ്തമാണ്. പുതിയ പണികൾക്കും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-01-800-99—ദേശീയപാതയിലേക്ക് ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

74. നടപ്പുവർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-03-101-99—പാലങ്ങളും കലുങ്കുകളും

75. സംസ്ഥാനത്തെ പ്രധാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 6.1779 കോടി രൂപയാണ് പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന പ്രധാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാൻ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-03-337-98—സംസ്ഥാന ഹൈവേകൾ—വികസനവും പരിഷ്കരണവും

76. സംസ്ഥാന പ്രധാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് 16.7463 കോടി രൂപയാണ് പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന പ്രധാനപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിന് 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-03-337-97—കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോകബാങ്ക് സഹായിക്കുന്നത്)

77. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ റോഡ് പണികൾക്കായുള്ള തുക അനുവദിക്കുന്ന ശീർഷകത്തിൽ നടപ്പുവർഷം അനുവദിച്ചിട്ടുള്ള 25 കോടി രൂപ അപര്യാപ്തമാണ്. കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടം അനുവദിക്കുന്നതിനു വേണ്ടി തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-03-337-95—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

78. സംസ്ഥാന പ്രധാന പാതകളുടെ ഉപരിതല പുനരുദ്ധാരണ പരിപാടി എന്ന ഒരു പുതിയ പദ്ധതി ഈ വർഷം ആരംഭിക്കുന്നു. പ്രധാന പാതകളുടെ 4342 കി.മീ. ഉപരിതല പുനരുദ്ധാരണം 20% ചെയ്യുകയാണെങ്കിൽ 200 കോടി രൂപ വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 82.37 ലക്ഷം രൂപയ്ക്ക് പുറമെ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-101-99—പ്രധാന ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും

79. പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 12.3558 കോടി രൂപ അപര്യാപ്തമാണ്. 2012–13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ 300 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-101-86—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ പൊതുമരാമത്ത് പണികൾ (പാലങ്ങൾ)

80. പാലങ്ങളുടെ വികസനത്തിനായി പ്രസ്തുത ശീർഷകത്തിൽ 2012–13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 75 കോടി രൂപ അപര്യാപ്തമായതിനാൽ ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-99—പ്രധാന ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും

81. പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 41.1862 കോടി രൂപ അപര്യാപ്തമാണ്. ഈ വർഷം പുതിയ ഭരണാനുമതി നൽകുന്നതിന് 500 കോടി രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-92—മലയോര ഹൈവേ

82. മലയോര പ്രദേശ ഹൈവേ റോഡുകളിൽ വരുന്ന നിർമ്മാണം, വികസനം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കുവേണ്ടി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012–13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ പ്രസ്തുത ശീർഷകത്തിലേക്ക് 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-91—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്ക്കരണം

83. പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള 2.0593 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-89—ശബരിമല റോഡ് പ്രോജക്ട്

84. ശബരിമലയുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള റോഡ് പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8.2372 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-83—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (പാതകൾ)

85. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായി പ്രസ്തുത ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള 4.1186 കോടി രൂപയ്ക്കും നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള 1,000 രൂപയ്ക്കും പുറമേ ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി 500 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-04-337-82—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

86. പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി പ്രസ്തുത ശീർഷകത്തിൽ 450 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-05-337-99—പ്രധാന സംസ്ഥാനാന്തര റോഡുകൾ

87. സാമ്പത്തികമായോ സംസ്ഥാനാന്തരമായോ പ്രാധാന്യമുള്ള റോഡുകൾ, (100% കേന്ദ്രസഹായമുള്ള പദ്ധതി) ക്കുവേണ്ടി 2012-13 വർഷത്തേക്ക് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-05-337-97—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

88. സി.ആർ.എഫ്. റോഡുകൾക്കും പാലങ്ങൾക്കുംവേണ്ടി പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 43.47 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 60 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-004-99—ഡ്രിക് ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവും ശക്തിപ്പെടുത്തലും ആധുനികവൽക്കരണവും

89. പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുവേണ്ടി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 60 ലക്ഷം രൂപ അനുവദിക്കണമെന്നും ആയത് 5054-80-800-82 എന്ന ശീർഷകത്തിൽ നിന്നും റീഅപ്രോപ്രിയേഷൻ വഴി നൽകേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

5054-80-052-99—"3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം"

90. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5.0807 കോടി രൂപ അപര്യാപ്ത മായതിനാൽ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-190-99—റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്

91. 2012-13 വർഷത്തേക്ക് ആർ.ബി.ഡി.സി.കെ.യ്ക്ക് ഫണ്ട് അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 150 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-81—റെയിൽവെ സുരക്ഷിതത്വ പണികൾ

92. റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്ക് തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള 82.37 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-71—കൊച്ചിയിൽ സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണം

93. പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷം അനുവദിച്ചിട്ടുള്ള 20.59 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5054-80-800-70—മുൻഗണനാ പ്രവൃത്തികൾ

94. 2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന, മുൻഗണന നൽകി ഉടനെ തുടങ്ങേണ്ട പ്രവൃത്തികൾക്കായി 125 കോടി രൂപയുടെ ഭരണാനുമതി 2011-12 വർഷം നൽകിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം 1,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതുശുപാർശ

(1) കേരള പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തികമാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ഭരണാനുമതി നൽകുകയും പണിതുടങ്ങുകയും ചെയ്ത എല്ലാ പ്രവർത്തികൾക്കും, ഭരണാനുമതി കിട്ടി രണ്ടുവർഷത്തെ കാലാവധി കഴിഞ്ഞ പ്രവർത്തികൾക്കും പണി തുടരുന്നതിന് അനുമതി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(2) സംസ്ഥാനത്തെ പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയായ ഏറ്റുമാനൂർ-എറണാകുളം റോഡിന്റെ വീതി കൂട്ടുന്നതുൾപ്പെടെയുള്ള പണികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടെണ്ടർ ചെയ്ത് ഇൻവെസ്റ്റിഗേഷൻ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(3) കൊച്ചി-മധുര ഹൈവേയുടെ വർക്ക് കൊച്ചിയിൽനിന്നും നേര്യമംഗലം വരെയും നേര്യമംഗലം മുതൽ തമിഴ്നാട് അതിർത്തിവരെയുമുള്ള രണ്ട് റീച്ചായിട്ടാണ് ചെയ്യേണ്ടതെന്ന് സമിതി മനസ്സിലാക്കുന്നു. കൊച്ചി മുതൽ നേര്യമംഗലം വരെയുള്ള റീച്ച് BOT അടിസ്ഥാനത്തിൽ ചെയ്യുന്നതിന് കാബിനറ്റ് തീരുമാനമെടുത്ത് ടെൻണ്ടർ വിളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(4) 2012-13 വർഷം പൊതുമരാമത്തു വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുള്ള "5054-80-800-67 എം.എൽ.എ. മാർക്കുള്ള മുൻഗണന മൂലധന പ്രവൃത്തികൾ", "5054-80-800-66 പ്രധാന മൂലധന പദ്ധതികളിലെ നിക്ഷേപം" എന്നീ പുതിയ ശീർഷകങ്ങളുടെ നിയന്ത്രണം ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കും "5054-80-800-65 സർക്കാർ ആവശ്യങ്ങൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ" എന്ന ശീർഷകത്തിന്റെ നിയന്ത്രണം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കും കൂടാതെ, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയുള്ള "5075-60-800-79 പ്രധാന മൂലധന പദ്ധതികളിലെ നിക്ഷേപം" എന്ന ശീർഷകത്തിന്റെ നിയന്ത്രണവും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിക്കൊണ്ട് 9-4-2012-ലെ ജി.ഒ. (ആർടി.) നമ്പർ 4445/2012/ധന. പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

(5) പൊതുമരാമത്ത്, ഗതാഗത എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത ശീർഷകങ്ങളുടെ നിയന്ത്രണം ധനകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയിലും റവന്യൂ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയിലും നിക്ഷിപ്തമാക്കിയ നടപടി കേരള ബഡ്ജറ്റ് മാന്വൽ പാര നമ്പർ 64(3)-ലെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും ആയതിനാൽ പ്രസ്തുത ശീർഷകങ്ങളുടെ നിയന്ത്രണം നിലവിലുള്ള ചട്ടപ്രകാരം പൊതുമരാമത്ത്, ഗതാഗതം എന്നീ വകുപ്പുകളിൽ തന്നെ നിലനിർത്തണമെന്നും ഇതുമായി ബന്ധപ്പെട്ടു പുറപ്പെടുവിച്ച 9-4-2012-ലെ ജി.ഒ. (ആർടി.) നമ്പർ 4445/2012/ധന. സർക്കാർ പിൻവലിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(6) എം. എൽ. എ. മാർക്കുള്ള മുൻഗണനാ മൂലധന പ്രവൃത്തികൾ എന്ന പദ്ധതി അനുസരിച്ച് എം.എൽ.എ.മാർക്ക് ഈ പദ്ധതിപ്രകാരം ഏതെല്ലാം വകുപ്പിൻ കീഴിൽവരുന്ന മൂലധന നിക്ഷേപ പ്രോജക്റ്റുകൾ നിർദ്ദേശിക്കാമെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നതും സംബന്ധിച്ച കാര്യത്തിൽ വ്യക്തതവരുത്തി അതനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉടനടി പുറപ്പെടുവിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ

വോട്ട് ചെയ്തത് : 608,20,11,000 രൂപ

ചാർജ് ചെയ്തത് :

3051-02-001-99—പോർട്ട് ഡയറക്ടറേറ്റ്

95. തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷത്തേക്ക് 1.5724 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.3549 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതിയതായി അനുവദിച്ച കാറുകൾ, മോട്ടോർ സൈക്കിൾ എന്നിവയ്ക്ക് ഇന്ധനത്തിനായി 1.32 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി 2 ലക്ഷം രൂപയും 05-4 മറ്റിനങ്ങൾ എന്ന മൈനർ ഹെഡിൽ നിത്യനിദാന ചെലവുകൾക്കായി ഒരു ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-001-98—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്—ഭരണവും നടത്തിപ്പും

96. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്, വിവിധ സർക്കിൾ/ഡിവിഷൻ/സബ് ഡിവിഷൻ ഇവയിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, യാത്രാബത്ത, കെട്ടിട നികുതി, അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പെന്റ്, പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം തുടങ്ങിയ ചെലവുകൾക്കാണ് ഈ കണക്കിനത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ശീർഷകത്തിലേക്ക് 17.3602 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 15.7257 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 1.6345 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-005-99—ചെറുകിട തുറമുഖ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

97. വിഴിഞ്ഞം, തങ്കശ്ശേരി, മുനമ്പം, ബേപ്പൂർ, ആലപ്പുഴ, അഴീക്കൽ തുടങ്ങിയ തുറമുഖങ്ങളുടെ വികസനത്തിനും കാർഗോ തുറമുഖങ്ങളുടെ പര്യവേഷണവും മാതൃകാപഠനവും പരീക്ഷണങ്ങളും നടത്തുന്നതിനും ശാസ്ത്രീയ ഉപകരണങ്ങൾ, കോഡുകൾ, ജേർണലുകൾ എന്നിവ വാങ്ങുന്നതിനും മാതൃകാപഠനം നടത്തുന്ന സ്ഥാപനങ്ങൾക്കുള്ള കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനുമാണ് പ്രസ്തുത കണക്കിനത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. 30.00 ലക്ഷം രൂപയാണ് 2012–2013 സാമ്പത്തിക വർഷത്തേക്ക് ആവശ്യപ്പെട്ടിരുന്നതെങ്കിലും 20.00 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 10.00 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-001-93—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും മാരിടൈം വിദ്യാഭ്യാസ പരിശീലന പരിപാടികളും ശേഷി വികസനവും

98. കേരള സംസ്ഥാനത്തെ കപ്പലോട്ട വിജ്ഞാന, വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുന്നതിനുവേണ്ടി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ

പദ്ധതിയിലെ തുക, അടിസ്ഥാനസൗകര്യ വികസനം, കെട്ടിടങ്ങളുടെ നിർമ്മാണ പരിപാലനം, ഗ്രന്ഥശാലകളുടെ നിർമ്മാണം, കാമ്പസുകളുടെ പരിപാലനം, ലാബുകളിലേക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുക, പാഠപുസ്തകങ്ങൾ വാങ്ങുക, പരിശീലനത്തിനുവേണ്ടയുള്ള വീഡിയോ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ, പരിശീലനക്ലാസ്സുകൾ നടത്തുക, വിദഗ്ദ്ധ അഭിപ്രായം തേടുക, വിദഗ്ദ്ധർക്കുള്ള ഫീസ് നൽകുക എന്നിവയ്ക്കുവേണ്ടി വിനിയോഗിക്കാനുള്ളതാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 2012-2013 വർഷത്തിൽ 1.55 കോടി രൂപ ആവശ്യപ്പെട്ടിരുന്നതെങ്കിലും 1.5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-101-98—നിർമ്മാണവും അറ്റകുറ്റപ്പണികളും—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

99. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഗോഡൗണുകൾ, വിളക്കുമരങ്ങൾ മുതലായവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 80.00 ലക്ഷം രൂപയാണ് 2012-2013 സാമ്പത്തിക വർഷത്തേക്ക് ആവശ്യപ്പെട്ടിരുന്നത്. 42.35 ലക്ഷം രൂപയാണ് 2012-2013 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ ബാക്കി 37.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-102-99—പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

100. നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ട് ഓഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെയും ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രെയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കും യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റുചെലവുകൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 6.7029 കോടി രൂപയാണ്. പുതിയതായി വാങ്ങിയ മൂന്ന് കാറുകളുടെയും ഒരു മോട്ടോർ സൈക്കിളിന്റെയും ഇന്ധനചെലവിനായി 3.15 ലക്ഷം രൂപയും മെയിന്റനൻസിനായി 0.16 ലക്ഷം രൂപയും കൂടാതെ അഴീക്കൽ തുറമുഖത്ത് മണൽവാരൽ പ്രക്രിയകൾ പരിശോധിക്കുന്നതിനായി ഒരു മോട്ടോർ സൈക്കിൾ വാങ്ങുന്നതിനായി 60,000 രൂപ 21-1 എന്ന മൈനർ ഹെഡിലും ഉൾപ്പെടെ 3.91 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3051-02-103-96—ഡ്രഡ്ജിംഗും സർവേയിംഗും—ഹൈഡ്രോഗ്രാഫിക് സർവേ മൺസൂണിന് മുൻപും പിൻപും ഉള്ള മണ്ണുമാന്തലിന്റെ നിരീക്ഷണം

101. കേരളത്തിലെ വിവിധ ചെറുകിട ഇടത്തരം തുറമുഖങ്ങളിൽ മൺസൂണിനു മുൻപും പിൻപും ഉള്ള ഹൈഡ്രോഗ്രാഫിക് സർവ്വേയ്ക്കും മണ്ണുമാന്തലിനുമുൻപും പിൻപുമുള്ള ഹൈഡ്രോഗ്രാഫിക് സർവ്വേയ്ക്കും വേണ്ട ചെലവിനങ്ങൾക്കുവേണ്ടി ഈ

ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തേക്ക് 15 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 11 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉൾനാടൻ ജലപാതകളുടെ സർവ്വേ ജോലികൾ ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ 4 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-01-001-99—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—വിഴിഞ്ഞം ആഴക്കടൽ വികസനം, അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

102. സംസ്ഥാന സർക്കാർ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുതൽമുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം വികസിപ്പിക്കുന്നത്. ഇതിന്റെ പദ്ധതിരേഖകൾ അംഗീകരിച്ചുകഴിഞ്ഞു. പ്രസ്തുത ശീർഷകത്തിലേക്ക് നടപ്പു സാമ്പത്തികവർഷം 250 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 223.68 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇതിലേക്ക് 26.32 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-98—ബേപ്പൂർ കാർഗോ ഹാർബറിന്റെ വികസനം

103. ബേപ്പൂർ കാർഗോ ഹാർബറിന്റെ വികസനത്തിനായി പാസഞ്ചർ ടെർമിനലിൽ അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ഇന്റർനാഷണൽ ഷിപ്പ് ആന്റ് പോർട്ട് ഫെസിലിറ്റീസ് സെക്യൂരിറ്റി കോഡ് അനുസരിച്ച് ചുറ്റുമതിൽ നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 2.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപകൂടി ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-94—അഴീക്കൽ തുറമുഖം

104. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിൽ ഉൾപ്പെടുന്ന കാർഗോ ബർത്തിന്റെ നിർമ്മാണം, മറ്റ് പ്രവൃത്തികളായ ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണം, റോഡ്, യാർഡ് എന്നിവയുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, യാർഡിന്റെ വൈദ്യുതീകരണം എന്നീ പ്രവൃത്തികൾക്കായി 2012–13 വർഷത്തേക്ക് 4 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2.9 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. യാർഡ്, ട്രാൻസിറ്റ് ഷെഡ് എന്നിവയുടെ പ്രവൃത്തികൾക്ക് 1.1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-91—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്—ഗവേഷണവും വികസനവും

105. വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ഓഫീസുകൾ തമ്മിൽ ബന്ധിപ്പിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, സോഫ്റ്റ്‌വെയറുകൾ വാങ്ങുകയോ വികസിപ്പിക്കുകയോ ചെയ്യുക, മണ്ണുമാന്തൽ സംബന്ധിയായി ഉപദേശകരെയും

പഠനത്തിനും ഗവേഷണത്തിനുമായി വിദഗ്ദ്ധരെയും നിയമിക്കുക, പദ്ധതിരേഖകൾ തയ്യാറാക്കുക, പരിസ്ഥിതി ദൂക്ഷണത്തിനെതിരെ പഠനം നടത്തുക, സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവയിൽ പങ്കെടുക്കുകയും അവ നടത്തുകയും ചെയ്യുക, തുറമുഖങ്ങൾ സന്ദർശിക്കുക, ജേർണലുകൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇതിലേക്ക് 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-86—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—തുറമുഖങ്ങളുടെ വികസനം

106. നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഒൻപത് തുറമുഖങ്ങളുടെ വികസനത്തിനായി നടപ്പുവർഷം 3.09 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2.55 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഇതിലേക്ക് 54 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-83—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—അഴീക്കൽ തുറമുഖ വികസനം

107. തദ്ദേശീയവും വിദേശീയവുമായ ചരക്ക്, കണ്ടെയ്നറിലുള്ളതും അല്ലാത്തതും കൈകാര്യം ചെയ്യുന്ന, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന ഒരു തുറമുഖമായി വികസിപ്പിക്കുന്നതിനും തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ്, പട്രോൾ ബോട്ടുകൾ വാങ്ങുക, തുറമുഖ ഭൂമി പച്ചവിരിക്കുക, സുന്ദരമാക്കുക, വെയ് ബ്രിഡ്ജ്, ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക എന്നിവയ്ക്കുവേണ്ടിയും മണ്ണുമാന്തി വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുള്ളത് 2 കോടി രൂപയാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 2.9 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. അനുവദിച്ച തുക അപര്യാപ്തമായതിനാൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-82—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ—വിഴിഞ്ഞം കാർഗോ തുറമുഖം

108. ഓഫീസ് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഐ.എസ്.പി.എസ്. കോഡ്, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, ജീവനക്കാർക്ക് വസതികളും മറ്റ് സൗകര്യങ്ങളും ഒരുക്കുക, വാർഫ് ബലപ്പെടുത്തുക, ഉപദേശകരെ നിയമിക്കുക, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിന് യന്ത്രങ്ങൾ വാങ്ങുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ മുതലായവ വാങ്ങുക എന്നിവയ്ക്കു വേണ്ടി ഈ ശീർഷകത്തിൽ 2.9 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള 70 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-81—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—തങ്കശ്ശേരി കാർഗോ തുറമുഖം

109. ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രം സ്ഥാപിക്കുക, തുറമുഖ തൊഴിലാളികൾക്ക് സുരക്ഷിതത്വവും ക്ഷേമവും നടപ്പിലാക്കുക, ആശ്രാമത്തെ ഉൾപ്പെടെയുള്ള സ്ഥലത്ത് കെട്ടിടങ്ങളും മറ്റും നിർമ്മിക്കുക, പരിപാലിക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക, ചാനൽ മാർക്കിംഗ് ചെയ്യുക, ടഗ്ഗുകളുടെയും യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുക, തുറമുഖ ഭൂമി പച്ചവിരിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, സി.സി.എൻ. ഉൾപ്പെടെയുള്ള തുറമുഖ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 2012–13 വർഷത്തേക്ക് 5.85 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-80—തുറമുങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ആലപ്പുഴ തുറമുഖ വികസനം

110. കെട്ടിടങ്ങളുടെ നിർമ്മാണം, പരിപാലനം, സജ്ജീകരണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, തുറമുഖ ഭൂമിയെ പച്ചവിരിക്കുക, സൗന്ദര്യവർദ്ധനം, തുറമുഖ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, എസ്.കെ.വി.എ. സൗരോർജ്ജം എന്നിവയ്ക്കുവേണ്ടി നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 1.11 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയ്ക്കുപുറമേ 61 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-79—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—പൊന്നാനി തുറമുഖം

111. തദ്ദേശീയവും വിദേശീയവുമായ ചരക്ക്, കണ്ടെയ്നറിൽ വരുന്നതും അല്ലാത്തതും കൈകാര്യം ചെയ്യുന്ന, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തുറമുഖമായി പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു. തുറമുഖ കെട്ടിടങ്ങളുടെ പുനഃനിർമ്മാണം, വെഹിക്കിൾ ഷെഡ് നിർമ്മാണം, ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ച വിരിക്കുക, കപ്പലോട്ട നിയമങ്ങൾ അനുസരിച്ച് ചാനൽ മാർക്ക് ചെയ്യുക, തുറമുഖം നടത്തിപ്പിനും വികസനത്തിനുമായ എല്ലാ പ്രവൃത്തികളും നടത്തുന്നതിനായി 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-78—വിഴിഞ്ഞം കാർഗോ ഹാർബർ

112. വിഴിഞ്ഞം കാർഗോ ഹാർബറിന്റെ നിർമ്മാണം, വിഴിഞ്ഞം പോർട്ടിലെ ട്രാൻസിറ്റ് ഷെഡ് എന്നീ പ്രവൃത്തികൾക്കായി 2012–13 വർഷത്തേക്ക് 8 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിഴിഞ്ഞം

പോർട്ടിലെ ട്രാൻസിറ്റ് ഷെഡ് പ്രവൃത്തിക്ക് 4 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4 കോടി രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-74—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ബേപ്പൂർ, കോഴിക്കോട് തുറമുഖങ്ങളുടെ വികസനം

113. ഏഴ് മീറ്റർ ആഴം തുറമുഖത്തിനകത്തും കപ്പൽ ചാനലിലും ഘട്ടംഘട്ടമായി ഉണ്ടാക്കിയെടുക്കുന്ന തരത്തിൽ ഡ്രഡ്ജ് നടത്തുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും പരിപാടികൾ നടത്തുക, ജീവനക്കാർക്ക് വസതികളും സൗകര്യങ്ങളും ഒരുക്കുക, തുറമുഖത്തേക്ക് റോഡ് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുക/വാങ്ങുക, ഐ.എസ്.പി.എസ്. കോഡ് അനുസരിച്ച് സുരക്ഷാ സംവിധാനം ഒരുക്കുക, പൈലറ്റ് പട്രോൾ ബോട്ട് വാങ്ങുക, തുറമുഖ ഭൂമി പച്ചവിരിക്കുക, വേ ബ്രിഡ്ജിംഗ് സ്ഥാപിക്കുക, ജീപ്പ്, ബോട്ട്, ടഗ്ഗ് എന്നിവ വാങ്ങുക എന്നിവയ്ക്കുവേണ്ടി 2012-13 വർഷത്തേക്ക് 3.87 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.25 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 2.62 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-73—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—തിരുവനന്തപുരം—വലിയതുറ തുറമുഖ വികസനം

114. തിരുവനന്തപുരം നഗരത്തിന്റെ ചരക്ക് നീക്കത്തിന് ഉതകുന്നവിധം തിരുവനന്തപുരം വികസിപ്പിക്കുന്നതിനുവേണ്ടി ഇപ്പോഴുള്ള കടൽപ്പാലം പുതുക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നതിനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഗോഡൗണുകൾ പുതുക്കുകയും ആധുനീകരിക്കുകയും ചെയ്യുന്നതിനും സിഗ്നൽ സ്റ്റേഷൻ, ചുറ്റുമതിൽ, ഗേറ്റ്, കടൽപ്പാലത്തിലേക്കുള്ള ഗേറ്റ്, മറ്റ് സുരക്ഷാ സംവിധാനങ്ങൾ, ജീവനക്കാർക്കുള്ള വസതി, കൂടാതെ ഗസ്റ്റ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും തുറമുഖ ഭൂമി പച്ചവിരിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 2012-13 വർഷത്തേക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 1.5 കോടി രൂപയാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 2.7 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിനാൽ ഇതിലേക്ക് 1.2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-72—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം

115. എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽ ഗതാഗതത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ

മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ചവിരിക്കുക എന്നിവ ഉൾപ്പെടുന്ന പ്രവൃത്തികൾക്കുവേണ്ടി നടപ്പുവർഷം 1.68 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 1.5 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-80-800-98—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ മൂലധന ചെലവ്—സംഭരണശാലകളുടെയും പണിശാലകളുടെയും വിപുലീകരണം

116. നീണ്ടകര, കോഴിക്കോട് മെക്കാനിക്കൽ വർക്ക്ഷോപ്പിലേക്കാവശ്യമായ സ്റ്റോർ സാധനങ്ങൾ, ജലവാഹനങ്ങൾക്കും ക്രെയിനുകൾക്കും ആവശ്യമായ ഉപകരണങ്ങൾ, മെഷീനറി ടെക്നിക്കൽ ആവശ്യങ്ങൾക്കായുള്ള സ്പെയർ പാർട്സ്, ജനറേറ്റർ സെറ്റുകൾ ഉൾപ്പെടെ എല്ലാ സാങ്കേതിക ഉപകരണങ്ങൾ, ചരക്കു കൈകാര്യം ചെയ്യുന്ന ഉപകരണങ്ങൾ, ജലവാഹനങ്ങൾ, വർക്ക്ഷോപ്പ് യൂണിറ്റിനെ വ്യവസായ സ്ഥാപനമാക്കി മാറ്റാൻ ആവശ്യമായവ വാങ്ങുക, വർക്ക്ഷോപ്പിന്റെ പുനർനിർമ്മാണം, ഇൻവെർട്ടർ എന്നിവ വാങ്ങുക എന്നീ ആവശ്യങ്ങൾക്കുവേണ്ടി ഈ ശീർഷകത്തിൽ 12.52 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 75.2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-80-800-89—കടൽപ്പാലങ്ങളുടെയും മറ്റ് ഘടകങ്ങളുടെയും പ്രധാന അറ്റകുറ്റപ്പണികളും വലിയ തോതിലുള്ള നിർമ്മാണവും

117. കേരള തീരത്ത് നിലനിൽക്കുന്ന തുറമുഖങ്ങളുടെ സ്ട്രക്ചറുകളുടെയും പിയറുകളുടെയും പ്രധാന അറ്റകുറ്റപ്പണികളും കൂട്ടിച്ചേർക്കലുകളും കൂടാതെ അപ്രോച്ച് റോഡുകൾ, പോർട്ട് സ്ട്രക്ച്ചറുകൾ, സിഗ്നൽ സ്റ്റേഷൻ, നാവിഗേഷണൽ സഹായം, കെട്ടിടം ജലവിതരണ സംവിധാനം, ഫെൻഡറുകൾ, വൈദ്യുതി സംവിധാനം, വിഴിഞ്ഞം, തങ്കശ്ശേരി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ ആസ്തികളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 2012-13-ലേക്ക് 2.6 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വലിയതുറ കടൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ ഉടനെതന്നെ ചെയ്തുതീർത്തില്ലെങ്കിൽ അത് തകർന്നുവീഴാൻ ഇടയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-80-800-72—പരവൂർ-ഇരവിപുരം കോസ്റ്റൽ റോഡ്

118. ഇരവിപുരം-പരവൂർ കോസ്റ്റൽ റോഡിന്റെ ഭാഗമായി ഇരവിപുരത്തുള്ള പാലത്തിന് 2012-13 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 70 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പാലത്തിന്റെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് 3.3 കോടി രൂപ കൂടി പ്രസ്തുത ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-80-800-62—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—തീരദേശ കപ്പൽ ഗതാഗത വികസനം

119. റോഡിനുപകരം കടലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി തുടക്കത്തിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക, ഇതിനുവേണ്ടി കപ്പലുകൾ വാങ്ങുകയോ വാടകയ്ക്കെടുക്കുകയോ ചെയ്യുക, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ സിമന്റ് ടെർമിനലുകൾ സ്ഥാപിക്കുക, തീരദേശ കപ്പൽഗതാഗത വ്യവസായത്തിന്റെ പ്രോത്സാഹനത്തിന് സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുക, ഇൻസെന്റീവ് നൽകുക, പ്രോജക്ടുകൾക്ക് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുക എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 2.3 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയിട്ടുള്ളത് ഒരു കോടി രൂപയാണ്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ നടപ്പുസാമ്പത്തികവർഷത്തേക്ക് ഈ ശീർഷകത്തിൽ 1.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

വോട്ട് ചെയ്തത് : 1520,30,50,000 രൂപ

ചാർജ്ജ് ചെയ്തത് : 15,03,00,000 രൂപ

3055-00-800-95—കേരള റോഡ് സുരക്ഷ ഫണ്ടിലേയ്ക്ക് മാറ്റൽ

120. 2012-13 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിലേക്ക് 15 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. റോഡ് സുരക്ഷയ്ക്കുള്ള ദശവത്സരപദ്ധതികളുടെ ഭാഗമായി 92,38,27,666 രൂപ വിവിധ വകുപ്പുകൾക്ക് അനുവദിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക പ്രസ്തുത പദ്ധതികൾക്ക് അനുവദിക്കുവാൻ അപര്യാപ്തമായതിനാൽ 62,11,72,258 രൂപ '3055-00-800-95—Transfer to Road Safety Fund' എന്ന ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ—ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

121. സംസ്ഥാനത്തെ ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി 1.825 കോടി രൂപയാണ് ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3075-60-800-96—കൊച്ചി നഗരത്തിലെ മെട്രോ റയിൽ പദ്ധതി

5075-60-800-83—കൊച്ചി നഗരത്തിലെ മെട്രോ റയിൽ പദ്ധതി

122. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 15% വീതം ഓഹരി നൽകി 5146 കോടി രൂപ ചെലവിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള കൊച്ചി മെട്രോ റയിൽ പദ്ധതിക്ക് ഏതാനും

ആഴ്ചകൾക്കുള്ളിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ മൂലധനഓഹരിയുടെ ഒരു ഗഡു നൽകുന്നതിനുമായി 2012-13 വർഷം 856 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 119 കോടി രൂപയാണ് 3075-60-800-96 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്.

123. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് 100 കോടി രൂപ 3075-60-800-95/5075-60-800-83 ശീർഷകത്തിൽ വകയിരുത്തണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

124. കണ്ണൂർ വിമാനത്താവളം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ പണം സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ ബാങ്കുകളിൽ നിന്നുള്ള വായ്പ മുഖേന ലഭിച്ചതിന്റെ തിരിച്ചടവ്, പലിശ, ഗ്യാരന്റി കമ്മീഷൻ എന്നീ ചെലവുകൾക്കായി 2012-13 വർഷത്തേയ്ക്ക് 594.08 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 50 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 544.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5053-02-190-94—ഇടുക്കി എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും

125. ഇടുക്കി ജില്ലയിൽ വിമാനത്താവളം സ്ഥാപിക്കുന്നതിനായി വേണ്ടിവരുന്ന 409 ഹെക്ടറിൽ 4 ഹെക്ടർ സർക്കാർ ഭൂമി ഒഴികെ ബാക്കി 405 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനും മറ്റുമായി ആവശ്യമായിവരുന്ന തുക 2012-13 വർഷം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, 2012-13 വർഷത്തേക്ക് പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5055-00-800-86(പി)—മോട്ടോർവാഹന ചെക്ക്പോസ്റ്റുകളുടെ നവീകരണം

126. വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും റോഡ് സുരക്ഷ ഉറപ്പാക്കാനുമായി 3 ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഒരു എൻഫോഴ്സ്മെന്റ് വിഭാഗം ആരംഭിക്കുന്നതിനായി 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നെങ്കിലും ഇവയുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലെന്നു സമിതി മനസിലാക്കുന്നു. നിലവിലുള്ള ഉപയോഗശൂന്യമായ ചില വാഹനങ്ങൾ മാറ്റേണ്ടതായുമുണ്ട്. ആയതിനാൽ 30 വാഹനങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 1.5 കോടി രൂപയ്ക്കുപുറമേ 1.8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5055-00-800-83—ജില്ലാ ആസ്ഥാനങ്ങളിൽ സിറ്റി സർവ്വീസ് തുടങ്ങുന്നതിന്

127. തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ സിറ്റി/ടൗൺ സർവ്വീസുകൾ ആരംഭിക്കുന്നതിനായി 100 ബസുകൾ വീതം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തിരു-കൊച്ചി മാതൃകയിൽ സിറ്റി/ടൗൺ സർവ്വീസുകൾ ആരംഭിക്കുമെന്നു പറഞ്ഞിരുന്നെങ്കിലും കോട്ടയം നഗരത്തിൽ സിറ്റി സർവ്വീസുകൾ തുടങ്ങുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 60 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5075-60-800-94—ഉൾനാടൻ ജലഗതാഗതം (സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും, എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ്, യന്ത്രോപകരണങ്ങൾ ഷെയർ ഡെബിറ്റ്, മരാമത്ത് പണികൾ

128. കനാലുകളുടെ വശങ്ങൾ സംരക്ഷിക്കുന്നതിന് റീട്ടെയിനിംഗ് ഭിത്തികളുടെ നിർമ്മാണം, വെസ്സലുകൾക്ക് തടസ്സം കൂടാതെ കടന്നുവരുന്നതിന് ഡ്രെഡ്ജിംഗ്, ഡീസിൽറ്റിംഗ്, കടൽ ചണ്ടികൾ, മറ്റ് പാഴ്വസ്തുക്കൾ എന്നിവയുടെ ക്രമാനുഗതമായ നീക്കം ചെയ്യൽ, ഉൾനാടൻ ജലപാതയുടെയും കനാലുകളുടെയും ആധുനികവൽക്കരണവും പുരോഗമനപ്രവർത്തനവും, 50 പുതിയ ജട്ടികളുടെ നിർമ്മാണം നിലവിലുള്ള 50 ജട്ടികളുടെ ആധുനികവൽക്കരണം എന്നീ പരിപാടികൾക്ക് പണം വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. സ്റ്റേറ്റ് സെക്ടർ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള അനേകം പ്രവൃത്തികളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ചെയ്തുതീർത്തവയ്ക്കുള്ള ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും ഈ വർഷം നടപ്പിലാക്കാനുള്ള പദ്ധതികൾക്കുമായി 36 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5075-60-800-81—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്—ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി

129. ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതിക്കായി 2012-13 വർഷം തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ തുടർനടപടി സ്വീകരിക്കുന്നതിന് ഒരു കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7055-00-190-99—കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

130. 2012-13 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.ക്ക് 100 കോടി രൂപയാണ് വായ്പയിനത്തിൽ അനുവദിച്ചിട്ടുള്ളത്. ഡീസൽ വിലവർദ്ധനവ്, ഡി.എ. വർദ്ധനവ്, ശമ്പള

പരിഷ്ക്കരണം മുതലായവമൂലം ഈ സാമ്പത്തികവർഷത്തിൽ അധികചെലവ് വരുമെന്ന തിനാൽ പ്രവർത്തന മൂലധനമായി അനുവദിച്ച 100 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 300 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കോഴിക്കോട് വിമാനത്താവളം—ശീർഷകം ആരംഭിച്ചിട്ടില്ല

131. കോഴിക്കോട് വിമാനത്താവള വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനും പുനരധിവാസത്തിനുമായി 134.95 കോടി രൂപ പുതിയ ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതിനായി തുക വകയിരുത്തിയി ട്ടില്ലെന്നു സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഇതിലേക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ടോക്കൺ പ്രൊവിഷനായി തുക വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

വയനാട് വിമാനത്താവള പദ്ധതി—ശീർഷകം ആരംഭിച്ചിട്ടില്ല

132. വയനാട് ജില്ലയിൽ വിമാനത്താവളം സ്ഥാപിക്കുന്നതിനായി സ്ഥലമേറ്റെടുപ്പ് മുതലായവയ്ക്ക് ആവശ്യമായ തുക 2012-13 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ആവശ്യത്തിലേക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും 50 ലക്ഷം രൂപ ആയതിലേക്ക് അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരത്തും കോട്ടയത്തും PRT (Personal Rapid Transit)—ഗതാഗതസമ്പ്രദായം—ശീർഷകം ആരംഭിച്ചിട്ടില്ല

133. തിരുവനന്തപുരത്തും കോട്ടയത്തും PRT ഗതാഗത സമ്പ്രദായം നടപ്പിലാക്കു ന്നതിനായി വ്യക്തമായ നിർദ്ദേശം സമർപ്പിക്കുവാൻ INKELനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2012-13 വർഷം തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇതിലേക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും, 50 കോടി രൂപ വീതം അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം മോണോറയിൽ പദ്ധതി—ശീർഷകം ആരംഭിച്ചിട്ടില്ല

134. തിരുവനന്തപുരത്ത് മംഗലപുരം മുതൽ നെയ്യാറ്റിൻകര വരെ മോണോറയിൽ ഗതാഗത സമ്പ്രദായം ഏർപ്പെടുത്തുവാനും അതിനായി KTDFCയെ നോഡൽ ഏജൻസി യായും NATPAC-നെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുവാനും നിയമിച്ചിട്ടുണ്ട്. NATPAC സമർപ്പിച്ചിട്ടുള്ള കരട് റിപ്പോർട്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് മൊത്തം 479 കോടി രൂപ ആവശ്യമുണ്ട്. ആയതിനാൽ, ടി പദ്ധതിക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ആയതിലേക്ക് 100 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## പൊതുശുപാർശ

(1) മോട്ടോർ വാഹന സെസ് ഇനത്തിൽ പൊതുജനങ്ങളിൽനിന്നും ഈടാക്കുന്ന തുകയും കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കുന്ന തുകയുടെ നിശ്ചിത ശതമാനവുമാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനമൂലധനം. പ്രസ്തുത തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് പോകുന്നത്. 2011-12 വർഷം വരെ 135 കോടി രൂപയാണ് ഈയിനത്തിൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടത്. 2012-13 സാമ്പത്തികവർഷം 15 കോടി രൂപയാണ് അതോറിറ്റിക്ക് സർക്കാർ വകയിരുത്തിയിട്ടുള്ളത്. റോഡ് സേഫ്റ്റി അതോറിറ്റിക്ക് ലഭിക്കേണ്ട ബാക്കി 120 കോടി രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ ആണുള്ളത്. നിലവിൽ ധനവിനിയോഗത്തിലൂടെ ലഭ്യമാക്കുന്ന ഫണ്ട് അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് തികയാതെവരുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ, റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 2007-ലെ 10(6), 11 എന്നീ വകുപ്പുകൾ പ്രകാരം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലുള്ള തുക, പൂർണ്ണമായും റോഡ് സുരക്ഷാ ഫണ്ടിലേക്ക് നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(2) സർക്കാർ നിർദ്ദേശപ്രകാരം കെ.എസ്.ആർ.ടി.സി.യിൽ നടപ്പാക്കിയ പെൻഷന്റെ സാമ്പത്തിക ബാദ്ധ്യത സർക്കാർതന്നെ ഏറ്റെടുക്കുകയോ തുക ഗ്രാന്റായി സർക്കാർ നൽകുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(3) സർക്കാർ കാലാകാലങ്ങളിൽ സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ വിദ്യാർത്ഥികൾ, വികലാംഗർ, അന്ധർ, സ്വാതന്ത്ര്യ സമരസേനാനികൾ, ജനപ്രതിനിധികൾ തുടങ്ങിയ വിവിധ ജനവിഭാഗങ്ങൾക്ക് നൽകിവരുന്ന യാത്രാ സൗജന്യവും യാത്രാകൂലിയിലെ ഇളവുകളും കെ.എസ്.ആർ.ടി.സി.ക്ക് അമിത ബാധ്യതയായി മാറിയിരിക്കുകയാണെന്ന് സമിതി വിലയിരുത്തുന്നു. 2010-11-ൽ മാത്രം ഈയിനത്തിൽ സാമൂഹ്യപ്രതിബദ്ധതമൂലം കോർപ്പറേഷന് 225.80 കോടിയുടെ ബാദ്ധ്യതയുണ്ടായിട്ടുണ്ട്. ഈ തുക ലഭിക്കുന്നതിനായി കോർപ്പറേഷൻ സർക്കാരിലേക്ക് Invoice അയച്ചെങ്കിലും ഈയിനത്തിൽ തുക അനുവദിക്കുന്നകാര്യം സർക്കാർ പരിഗണിച്ചതായി കാണുന്നില്ല. ആയതിനാൽ സാമൂഹിക പ്രതിബദ്ധതമൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

*ചെയർമാൻ,*

തിരുവനന്തപുരം.
8-5-2012.

*സബ്ജക്ട് കമ്മിറ്റി V.*